പാഠം 6

# അഹങ്കാരത്തിൽനിന്ന് നാശത്തിലേക്ക്

## ശബ്ബത്ത് സായാഹ്നം

**ഈ ആഴ്ചയിലെ പഠനത്തിനായി വായിക്കുക: ദാനി. 5; വെളി. 17:4–6; സങ്കീ. 96:5; കൊലൊ. 1:15–17; റോമ. 1:16–32; സഭാ. പ്ര. 8:11; വെളി. 14:8.**

**മനഃപാഠവാക്യം: "അവൻ കാലങ്ങളെയും സമയങ്ങളെയും മാറ്റുന്നു; അവൻ രാജാക്കന്മാരെ നീക്കുകയും രാജാക്കന്മാരെ വാഴിക്കുകയും ചെയ്യുന്നു, അവൻ ജ്ഞാനികൾക്കു ജ്ഞാനവും വിവേകികൾക്കു ബുദ്ധിയും കൊടുക്കുന്നു" (ദാനി. 2:21).**

ദാനിയേൽ 5 ൽ ദൈവവചനം മനുഷ്യ അഹങ്കാരത്തിന്റെ നടുക്കുന്നതും നാടകീയവുമായ അന്ത്യത്തിന്റെ ശക്തമായ ഒരു ദൃഷ്ടാന്തം നമുക്കു നൽകുന്നു. നെബൂഖദ്നേസ്സർ പാഠം പഠിക്കുവാൻ ഏറെക്കാലം വേണ്ടിവന്നെന്ന് ഒരാൾക്കു പറയാൻ കഴിഞ്ഞെന്നാലും, നെബൂഖദ്നേസ്സർ അതു പഠിക്കുക തന്നെ ചെയ്തു. അദ്ദേഹത്തിന്റെ പൗത്രൻ, ബേൽശസ്സർ പക്ഷേ പഠിച്ചില്ല. വിശുദ്ധമന്ദിരത്തിലെ പാത്രങ്ങൾ ഒരു കൊട്ടാരവിരുന്നിൽ ഉപയോഗിച്ചതിലൂടെ ബേൽശസ്സർ അവയെ അവഹേളിച്ചു. അത്തരം അവഹേളന പ്രവൃത്തി ദൈവത്തെ വെല്ലുവിളിക്കുന്നതിനും ദൈവത്തെ തന്നെ കടന്നാക്രമിക്കുന്നതിനും തുല്യമാണ്. അങ്ങനെ ബേൽശസ്സർ തന്റെ അകൃത്യത്തിന്റെ പാനപാത്രം നിറച്ചു. ദൈവത്തിന്റെ വിശുദ്ധമന്ദിരത്തെ ആക്രമിച്ച ചെറിയ കൊമ്പിന്റെ (ദാനി. 8) പ്രവൃത്തിക്കു സമമായിരുന്നു അത്. ബേൽശസ്സറിൽനിന്ന് അധികാരം നീക്കിക്കളഞ്ഞതിലൂടെ, അന്ത്യനാളുകളിൽ ദൈവജനത്തിന്റെ ശത്രുക്കളോട് എന്തുചെയ്യും എന്നതിന്റെ ഒരു മുൻസൂചന ദൈവം നൽകുകയായിരുന്നു. ദാനിയേൽ 5 ൽ പറയപ്പെട്ടിരിക്കുന്ന സംഭവങ്ങൾ, ബാബിലോൺ സാമ്രാജ്യം മേദ്യ-പേർഷ്യൻ സൈന്യത്തിനു മുമ്പിൽ വീണുപോയ ബി.സി. 539 ലെ ആ രാത്രിയിൽ സംഭവിച്ചു. ദാനിയേൽ 2 ൽ പറഞ്ഞിരിക്കുന്ന തങ്കത്തിൽനിന്നു വെള്ളിയിലേക്കുള്ള മാറ്റം സംഭവിച്ചു. ദൈവം ലോകകാര്യങ്ങളിൽ വാഴുന്നു എന്ന വസ്തുത ഇവിടെ കൂടുതൽ തെളിവായി കാണുന്നു.

*ഈ ആഴ്ചയിലെ പാഠം പഠിച്ച് ഫെബ്രുവരി 8 ശബ്ബത്തിനുവേണ്ടി നമുക്ക് ഒരുങ്ങാം...*

## ബേൽശസ്സറിന്റെ വിരുന്ന്

**വായിക്കുക: ദാനിയേൽ 5:1–4; 1:1,2. ബേൽശസ്സർ അത്ര മോശമായി എന്താണു ചെയ്തത്? അത് അവന്റെ പ്രവൃത്തികളെ വെളിപ്പാട് 17:4–6 മായി താരതമ്യം ചെയ്യുക. എന്തു സമാനതകൾ നിങ്ങൾ കാണുന്നു?**

യെരൂശലേം വിശുദ്ധമന്ദിരത്തിലെ പാത്രങ്ങളെ മദ്യം പകരുന്നതിനായി ഉപയോഗിക്കുവാൻ ബേൽശസ്സർ രാജാവു കല്പിച്ചു. നെബൂഖദ്നേസ്സർ യെരൂശലേം വിശുദ്ധമന്ദിരത്തിലെ പാത്രങ്ങളെ കൊണ്ടുവന്നു തന്റെ ദേവന്റെ ആലയത്തിൽ സൂക്ഷിച്ചു. അത് അവൻ, കുറഞ്ഞ പക്ഷം, അവയെ ബഹുമാനിച്ചു എന്നു കാണിക്കുന്നു. പക്ഷേ ബേൽശസ്സർ വിശുദ്ധപാത്രങ്ങളെ മദ്യം പകരുന്നതിനായി ഉപയോഗിച്ചു ഹീനമായി അവഹേളിച്ചു.

വിശുദ്ധ പാത്രങ്ങളിൽനിന്നു കുടിച്ചുകൊണ്ടു ബേൽശസ്സറിന്റെ പ്രഭുക്കന്മാർ "സ്വർണ്ണവും വെള്ളിയും, താമ്രവും ഇരുമ്പും, തടിയും കല്ലും കൊണ്ടുള്ള ദേവന്മാരെ സ്തുതിച്ചു" (ദാനി. 5:4). ആറു വസ്തുക്കളെ ഇവിടെ പരാമർശിച്ചിരിക്കുന്നതു ശ്രദ്ധേയമാണ്. അന്നത്തെ ബാബിലോണിയക്കാർ 10 നെ അടിസ്ഥാനമാക്കിയുള്ള സംഖ്യാക്രമത്തിന്റെ സ്ഥാനത്ത് 60 നെ അടിസ്ഥാനമാക്കിയ സംഖ്യാക്രമം ഉപയോഗിച്ചിരുന്നു (sexagesimal system) ആറുവിഭാഗം ദേവന്മാർ ബാബിലോണിയൻ ദേവന്മാരുടെ പൂർണ്ണതയെ കാണിക്കുന്നു. അതു ബാബിലോണിയൻ മതവ്യവസ്ഥയുടെയും പൂർണ്ണത തന്നെ. പറയപ്പെട്ടിരിക്കുന്ന വസ്തുക്കളുടെ ക്രമം നെബൂഖദ്നേസ്സർ കണ്ട സ്വപ്നബിംബത്തിന്റെ വസ്തുക്കളുടെ ക്രമത്തിൽ ആണെന്നതു രസകരമാണ്. കളിമണ്ണിന്റെ സ്ഥാനത്തു തടി വന്നു എന്ന വ്യത്യാസമേ ഉള്ളൂ. സ്വപ്നത്തിലെപ്പോലെ കല്ലു അവസാനമാണു കാണുന്നത്. കല്ലു വിഗ്രഹനിർമ്മാണ വസ്തുവായി സൂചിപ്പിക്കപ്പെടുന്നു എങ്കിലും, കല്ലു ലോകസാമ്രാജ്യങ്ങളുടെ മേലുള്ള ദൈവത്തിന്റെ ന്യായവിധിയെ കാണിക്കുന്നു (ദാനി. 2:44,45).

ഇവിടത്തെ വിരുന്ന്, വെളിപ്പാടുപുസ്തകത്തിലെ അന്ത്യകാല ബാബിലോണിനെ കൃത്യതയോടെ പ്രതിനിധീകരിക്കുന്നു. ബേൽശസ്സറിനെപ്പോലെ കാലാന്ത്യ ബാബിലോണിലെ സ്ത്രീ ഒരു സ്വർണ്ണ പാനപാത്രം കൈയിൽ പിടിച്ചുകൊണ്ടു, മ്ലേച്ഛതയും അശുദ്ധിയും നിറഞ്ഞ പാനീയം ലോകരാജ്യങ്ങൾക്കു പകർന്നു നൽകുന്നു. വേറൊരു വിധത്തിൽ പറഞ്ഞാൽ, ആധുനിക ബാബിലോൺ, തെറ്റായ ഉപദേശങ്ങളിലൂടെയും വികലമായ ആരാധനാക്രമങ്ങളിലൂടെയും ലോകത്തെ തിന്മയിലേക്കു വശീകരിക്കുന്നു (വെളി. 17:4–6). തന്റെമേൽ വരുവാനുള്ള ന്യായവിധിയെ മറന്നുകൊണ്ടാണ് അങ്ങനെ ചെയ്യുന്നത്. ന്യായവിധി ഒരുനാൾ വന്നുചേരും.

**ദൈവവചനസത്യങ്ങളെ നമ്മുടെ സമൂഹവും സംസ്കാരവും ഏതെല്ലാം വിധങ്ങളിലാണു വഷളാക്കുന്നത്? മറഞ്ഞിരിക്കുന്ന വിധങ്ങളിൽ ആയാൽപോലും അത്തരം വഷളത്വങ്ങളെ എങ്ങനെ ഒഴിവാക്കാൻ കഴിയും?**

## ക്ഷണിക്കപ്പെടാത്ത ഒരു അതിഥി

**ദാനിയേൽ 5:5–8 വായിക്കുക. എന്തു സംഭവിച്ചു? രാജാവ് അപ്രകാരം പ്രതികരിച്ചത് എന്തുകൊണ്ടാണ്? ഏതെല്ലാം വിധങ്ങളിൽ ഈ സംഭവം ദാനിയേൽ 2 നു സമാന്തരമാണ്? ഈ സമാനത എന്തുകൊണ്ട് പ്രധാനമാണ്? (സങ്കീ. 96:5; കൊലൊ. 1:15–17 കാണുക).**

നെബൂഖദ്നേസ്സർ ചെയ്തതുപോലെ (ദാനി. 2:2; 4:7), ബേൽശസ്സറും ആഭിചാരകന്മാരെയും കൽദയരെയും ശകുനവാദികളെയും നിഗൂഢമായ ചുവരെഴുത്തിന്റെ അർത്ഥം അറിയിക്കേണ്ടതിനു കൊണ്ടുവരുവാൻ വിളിച്ചുപറഞ്ഞു. അവർക്കു കഴിയുന്നതിൽ ഏറ്റവും മെച്ചമായ വിശദീകരണം നൽകേണ്ടതിനു രാജാവ് അവർക്ക് അസാമാന്യമായ ബഹുമതികൾ പ്രഖ്യാപിച്ചു: (1) ധൂമ്രവസ്ത്രം–പുരാതനകാലങ്ങളിലെ രാജകീയ വസ്ത്രനിറം (എസ്ഥേർ 8:15); (2) പൊന്മാല – ഉന്നത സാമൂഹ്യ സ്ഥിതിയുടെ അടയാളം (ഉല്പ. 41:42); (3) ഭരണത്തിലെ മൂന്നാം സ്ഥാനം. ഈ ഒടുവിലത്തെ പ്രതിഫലം ബാബിലോണിന്റെ അക്കാലത്തെ ചരിത്രപരമായ സാഹചര്യങ്ങളെ കൃത്യമായി പ്രതിഫലിപ്പിക്കുന്നു. തന്റെ പിതാവായ നബോനിഡസിന്റെ രണ്ടാമനായാണ് (co-regent) ബേൽശസ്സർ ഭരിച്ചുവന്നിരുന്നത്. അതുകൊണ്ടാണ് അദ്ദേഹം മൂന്നാം സ്ഥാനം വാഗ്ദാനം ചെയ്തത്. മോഹിപ്പിക്കുന്ന പ്രതിഫല വാഗ്ദാനം ഉണ്ടായിരുന്നിട്ടും തക്കതായ ഒരു വിശദീകരണം നൽകുവാൻ വിദ്വാന്മാർ വീണ്ടും പരാജയപ്പെട്ടു.

തന്റെ എല്ലാ പാപങ്ങൾക്കും ഉപരിയായി രാജാവ് തെറ്റായ സ്ഥാനത്താണ് ജ്ഞാനം അന്വേഷിച്ചത്. ബാബിലോണിയൻ ജ്ഞാനികൾക്കു സന്ദേശത്തിന്റെ അർത്ഥം വെളിപ്പെടുത്തുവാൻ കഴിഞ്ഞില്ല. അത് അവരുടെ സ്വന്തം അരാമ്യഭാഷയിലാണ് എഴുതപ്പെട്ടിരുന്നത് (അതു നമ്മൾ നാളെ കാണും). എങ്കിലും അവർക്ക് അതിന്റെ അർത്ഥം ഗ്രഹിക്കാൻ കഴിഞ്ഞില്ല. ദൈവം യെശയ്യാവിലൂടെ അരുളിച്ചെയ്തതിനെ നമുക്ക് ഓർമ്മപ്പെടുത്തുന്നു: “അവരുടെ ജ്ഞാനികളുടെ ജ്ഞാനം നശിക്കും; അവരുടെ ബുദ്ധിമാന്മാരുടെ ബുദ്ധിയും മറഞ്ഞുപോകും” (യെശ. 29:14). ഈ വാക്യം ഉദ്ധരിച്ചശേഷം അപ്പൊസ്തലനായ പൗലൊസ് പറയുന്നു: “ജ്ഞാനി എവിടെ? ഈ ലോകത്തിലെ താർക്കികൻ എവിടെ? ലോകത്തിന്റെ ജ്ഞാനം ദൈവം ഭോഷത്വമാക്കിയില്ലയോ? ദൈവത്തിന്റെ ജ്ഞാനത്തിൽ ലോകം ജ്ഞാനത്താൽ ദൈവത്തെ അറിയായ്കകൊണ്ടു വിശ്വസിക്കുന്നവരെ പ്രസംഗത്തിന്റെ ഭോഷത്വത്താൽ രക്ഷിപ്പാൻ ദൈവത്തിനു പ്രസാദം തോന്നി” (1 കൊരി. 1:20,21).

ചില സത്യങ്ങൾ മനുഷ്യർ സ്വയം പരിശ്രമിച്ചു വ്യക്തമായി ഗ്രഹിക്കേണ്ടും വിധം അത്രമാത്രം അമിതപ്രാധാന്യമുള്ളവയാണ്. അതുകൊണ്ടാണ് ദൈവം, ഈ സത്യങ്ങൾ നമുക്കു വെളിപ്പെടുത്തിയിരിക്കുന്നത്.

**മോഹിപ്പിക്കുന്ന വാഗ്ദാനങ്ങൾ എന്താകാൻ പോകുകയായിരുന്നു, എന്താണു വരുവാനിരിക്കുന്നത്, ആ പ്രതിഫലങ്ങൾ വാസ്തവത്തിൽ എത്ര നിസ്സാരങ്ങളായിരുന്നു എന്നീ കാര്യങ്ങൾ ചിന്തിക്കുക. ലൗകിക വസ്തുക്കൾ എത്ര നിരർത്ഥകമാകാം എന്നതിനെക്കുറിച്ച് ഇതെന്താണു പറയുന്നത്? നാം ചെയ്യുന്ന സകല കാര്യങ്ങളിലും നിത്യതയുടെ കാഴ്ചപ്പാട് സൂക്ഷിക്കേണ്ടതിന്റെ ആവശ്യകത എന്താണ്?**

## രാജ്ഞി പ്രവേശിക്കുന്നു

**ദാനിയേൽ 5:9–12 വായിക്കുക. രാജാവ് അറിഞ്ഞിരിക്കേണ്ടിയിരുന്ന ദാനിയേലിനെക്കുറിച്ചു രാജ്ഞി എന്താണു പറഞ്ഞത്? ദാനിയേൽ ഉണ്ടായിരുന്നു എന്നുപോലും അറിയാതിരുന്ന അജ്ഞതയെക്കുറിച്ച് ഇതെന്തു പറയുന്നു.**

ചുവരിലെ നിഗൂഢ സന്ദേശം നിമിത്തം ആശയക്കുഴപ്പത്തിലായ വിരുന്നുശാലയിലേക്കു രാജ്ഞി വന്നു പരിഭ്രാന്തനായ രാജാവിനു നിർദ്ദേശങ്ങൾ നൽകി. അവൾ ദാനിയേലിനെക്കുറിച്ചു രാജാവിനെ ഓർമ്മപ്പെടുത്തി. നെബൂഖദ്നേസ്സറിന്റെ കാലത്തു സ്വപ്നങ്ങൾ വ്യാഖ്യാനിക്കുന്നതിലും ഗൂഢപ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ദാനിയേൽ കഴിവു പ്രകടിപ്പിച്ചിരുന്നു. ബേൽശസ്സർ തന്റെ മുൻഗാമിയെപ്പോലെ സമർത്ഥൻ ആയിരുന്നെങ്കിൽ, നിഗൂഢ എഴുത്തിന്റെ അർത്ഥം എവിടെ കണ്ടുപിടിക്കാനാകും എന്ന് അറിയുമായിരുന്നു. രാജ്ഞിയുടെ ഇടപെടൽ ഈ സന്ദർഭത്തിൽ അത്യാവശ്യമായി വന്നു. എന്താണ് അടുത്തു ചെയ്യേണ്ടതെന്നറിയാതെ രാജാവ് ഈ സന്ദർഭത്തിൽ വലിയ നഷ്ടസങ്കടത്തിലായിരുന്നു. നിഗൂഢ സന്ദേശം വ്യാഖ്യാനിക്കുവാൻ രാജ്യത്ത് ആകെയുള്ള ഒരേ ഒരാളെ അറിയാതിരുന്നതിൽ രാജ്ഞിയുടെ വാക്കുകൾ ഒരു ശാസന തന്നെ ആയിരുന്നു. ദാനിയേലിനെക്കുറിച്ച് ഒരു ചുരുങ്ങിയ വിവരണവും രാജ്ഞി ബേൽശസ്സറിനു നൽകി: "വിശുദ്ധന്മാരുടെ ആത്മാവുള്ള ഒരു പുരുഷൻ തിരുമനസ്സിലെ രാജ്യത്തുണ്ട്; തിരുമേനിയുടെ അപ്പന്റെ കാലത്തു പ്രകാശവും ബുദ്ധിയും ദേവന്മാരുടെ ജ്ഞാനം പോലുള്ള ജ്ഞാനവും അവനിൽ കണ്ടിരുന്നു. തിരുമേനിയുടെ അപ്പനായ നെബൂഖദ്നേസ്സർ രാജാവ്, രാജാവേ തിരുമേനിയുടെ അപ്പൻ തന്നെ, ബേൽശസ്സർ എന്നു പേരുവിളിച്ച ദാനിയേലിൽ ഉൽക്കൃഷ്ടമനസ്സും അറിവും ബുദ്ധിയും സ്വപ്നവ്യാഖ്യാനവും കണ്ടിരിക്കയാൽ, രാജാവ് അവനെ മന്ത്രവാദികൾക്കും ആഭിചാരകന്മാർക്കും കൽദയർക്കും ശകുനവാദികൾക്കും അധിപതി ആക്കിവച്ചു; ഇപ്പോൾ ദാനിയേലിനെ വിളിക്കട്ടെ, അവൻ അർത്ഥം ബോധിപ്പിക്കും എന്ന് ഉണർത്തിച്ചു" (ദാനി. 5:11,12).

ഈ ഘട്ടത്തിൽ, ബേൽശസ്സർ എന്തുകൊണ്ടു ദാനിയേലിനെ അവഗണിച്ചു എന്നതിൽ വീണ്ടും നാം അതിശയിക്കുന്നു. വേദഭാഗം ഈ സംശയത്തിനു നേരിട്ടുള്ള ഒരുത്തരം തരുന്നില്ല. രാജാവിന്റെ ഭരണത്തിന്റെ മൂന്നാമാണ്ടുവരെ സേവിച്ചിട്ടു ദാനിയേൽ ഈ കാലത്തു സജീവ രാജസേവനത്തിൽ ഇല്ലായിരുന്നു എന്നു നാം അനുമാനിക്കുന്നു (ദാനി. 8:1,27). ദാനിയേലിന്റെ പ്രായമായിരിക്കാം അതിനൊരു കാരണം. അവന് ഏകദേശം 80 വയസ്സ് ഉണ്ടാകുമായിരുന്നു. രാജാവ് ഒരുപക്ഷേ പ്രായമേറിയവരെ മാറ്റി ഇളംതലമുറക്കു നേതൃത്വപദവി നൽകിയിരിക്കാം. കാരണമോ കാരണങ്ങളോ എന്തായിരുന്നാലും ദാനിയേലിനെപ്പോലെ ഉന്നതപദവിയിൽ ആയിരുന്ന ഒരുവൻ മറക്കപ്പെട്ടു എന്നതു മനസ്സിൽ തട്ടുന്നതായി അവശേഷിക്കുന്നു.

**റോമർ 1:16–32 വായിക്കുക. ഈ വേദഭാഗത്തു പ്രകടമായിരിക്കുന്ന തത്വം, ഈ കഥയിൽ മാത്രമല്ല, ഇന്നത്തെ ലോകത്തിലും ഏതെല്ലാം വിധങ്ങളിൽ നമ്മൾ കാണുന്നു?**

## തൂക്കി, കുറവുള്ളവനായി കാണപ്പെട്ടു

**ദാനിയേൽ 5:13–28 വായിക്കുക. രാജാവിന്റെ വേഗത്തിൽ വരുവാനുള്ള മരണത്തിനു ദാനിയേൽ എന്തു കാരണമാണ് നൽകിയത്?**

സാഹചര്യസമ്മർദ്ദത്താൽ രാജാവ് വൈമനസ്യത്തോടെ ദാനിയേലുമായി ആലോചിക്കുവാൻ നിശ്ചയിച്ചു; ഇതു രാജാവിനു ദാനിയേലിന്റെ ദൈവത്തോടുള്ള മനോഭാവത്തെ വെളിപ്പെടുത്തുന്നു.

രാജാവിന്റെ വാഗ്ദാനത്തോടുള്ള ദാനിയേലിന്റെ പ്രതികരണം, അവന്റെ മുൻഗണനകളെയും സ്വഭാവത്തെയും പ്രകടമാക്കുന്നു. നിഗൂഢ കുറിപ്പിന്റെ അർത്ഥം അറിഞ്ഞ ദാനിയേൽ പ്രതിഫലത്തിന്റെ വിലയില്ലായ്മയും മനസ്സിലാക്കി എന്നതും സത്യമാണ്.

ദാനിയേൽ പിന്നീടു രാജാവിന്റെ മൂന്നു കുറ്റങ്ങളെ എടുത്തുപറഞ്ഞു:

**ഒന്ന്,** ബേൽശസ്സർ നെബൂഖദ്നേസ്സറിന്റെ അനുഭവത്തെ പൂർണ്ണമായി അവഗണിച്ചു. അല്ലായിരുന്നെങ്കിൽ അവൻ തന്റെ മുൻഗാമിയെപ്പോലെ അനുതപിക്കുകയും സ്വയം താഴ്ത്തുകയും ചെയ്യുമായിരുന്നു.

**രണ്ട്,** ബേൽശസ്സർ വീഞ്ഞു കുടിക്കുന്നതിനും വിഗ്രഹങ്ങളെ പുകഴ്ത്തുന്നതിനും വേണ്ടി വിശുദ്ധമന്ദിരത്തിലെ പാത്രങ്ങളെ ഉപയോഗിച്ചു.

**മൂന്ന്,** രാജാവു ദൈവത്തെ മഹത്വപ്പെടുത്തുവാൻ പരാജയപ്പെട്ടു; "തിരുമനസ്സിലെ ശ്വാസവും എല്ലാ വഴികളും കൈവശമുള്ളവനായ ദൈവത്തെ മഹത്വീകരിച്ചതുമില്ല" (ദാനി. 5:23).

രാജാവിന്റെ പരാജയങ്ങളെ എടുത്തുപറഞ്ഞിട്ടു ദാനിയേൽ വ്യാഖ്യാനത്തിലേക്കു കടന്നു. ദിവ്യ ആലേഖനം മൂന്ന് അരാമ്യഭാഷാ ക്രിയാപദങ്ങൾ ഉൾപ്പെട്ടതായിരുന്നു. മെനെ=എണ്ണി; തെക്കേൽ=തൂക്കി; പെറെസ്=വിഭാഗിച്ചു.

മേദ്യ–പേർഷ്യൻ സൈന്യം ബാബിലോണിന്റെ കവാടങ്ങളിൽ എത്തിയിരിക്കെ, രാജാവും ജ്ഞാനികളും ചുവരെഴുത്തിൽ ദുഃസൂചന സംശയിക്കണമായിരുന്നു. പക്ഷേ രാജാവിനോട് അതൃപ്തികരമായ എന്തെങ്കിലും പറയുവാൻ ജ്ഞാനികൾ ധൈര്യപ്പെട്ടില്ല. ദാനിയേൽ മാത്രം യഥാർത്ഥ സന്ദേശത്തെ അതിന്റെ പൂർണ്ണ അർത്ഥത്തിൽ അർത്ഥവത്തായ ഒരു പ്രസ്താവനയായി ബേൽശസ്സർക്കു നൽകുവാൻ പ്രാപ്തനായി. "**മെനെ**: ദൈവം നിന്റെ രാജത്വം എണ്ണി അതിന് അന്ത്യം വരുത്തിയിരിക്കുന്നു; **തെക്കേൽ**: നിന്നെ തുലാസിൽ തൂക്കി കുറവുള്ളവനായി കാണപ്പെട്ടു; **പെറെസ്**: നിന്റെ രാജ്യം **വിഭജിക്കപ്പെട്ടു**, മേദ്യർക്കും പാർസികൾക്കുമായി കൊടുത്തിരിക്കുന്നു" (ദാനി. 5:26–28).

കൃത്യമായും വാക്കുകൾ ഒട്ടുംതന്നെ ആശ്വാസത്തിന്റെയും ഉല്ലാസത്തിന്റെയും ആയിരുന്നില്ല.

**അതിവേഗം രാജാവിന്റെ മേൽ ന്യായവിധി വന്നു. നീതിയും ന്യായവിധിയും ഇനിയും വന്നില്ല എന്നിരുന്നാലും ഇക്കാലത്തും ദൈവത്തെ വിശ്വസിക്കുവാൻ നമുക്ക് എങ്ങനെ പഠിക്കാൻ കഴിയും? (സഭാ. പ്ര. 3:17; 8:11; മത്താ. 12:36; റോമർ 14:12 കാണുക).**

## ബാബിലോണിന്റെ വീഴ്ച

**ദാനിയേൽ 5:29–31; വെളിപ്പാട് 14:8; 16:19; 18:2 വായിക്കുക. കാലാന്ത്യ ബാബിലോണിന്റെ വീഴ്ചയെ ചൂണ്ടിക്കാണിക്കുന്ന, ബേൽശസ്സറുടെയും ബാബിലോണിന്റെയും വീഴ്ചയിൽനിന്നു നമുക്ക് എന്തു പഠിക്കാൻ കഴിയുന്നു?**

തന്റെ കുറ്റങ്ങൾ എന്തൊക്കെ ആയിരുന്നെങ്കിലും, ബേൽശസ്സർ വാക്കു പാലിച്ചു. ദുർവാർത്ത ആയിരുന്നെങ്കിലും ദാനിയേൽ നൽകിയ വ്യാഖ്യാനത്തിൽ ബേൽശസ്സർ തൃപ്തനായിരുന്നു. അതുകൊണ്ടാണു രാജാവു വാഗ്ദാനം ചെയ്തിരുന്ന സമ്മാനങ്ങൾ ദാനിയേലിനു നൽകിയത്. ദാനിയേലിന്റെ ദൂതിന്റെ സത്യം അംഗീകരിച്ചുകൊണ്ടു രാജാവു ദാനിയേലിന്റെ ദൈവത്തിന്റെ വാസ്തവികതയെ ചോദ്യം കൂടാതെ തിരിച്ചറിഞ്ഞതായി കാണപ്പെട്ടു. കേവലം മാന്യമായ പെരുമാറ്റം എന്ന നിലയിൽ, ഏതാനും മണിക്കൂറുകൾ മാത്രമേ താൻ രാജ്യത്തു മൂന്നാമൻ ആയിരിക്കുകയുള്ളൂ എന്ന് അറിഞ്ഞുകൊണ്ടുതന്നെ, പ്രവാചകൻ പ്രതിഫലങ്ങൾ സ്വീകരിച്ചു.

പ്രവാചകൻ പ്രസ്താവിച്ച പ്രകാരം കൃത്യമായി ബാബിലോൺ വീണു. രാജാവും മഹത്തുക്കളും വീഞ്ഞു കുടിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ, വളരെ പെട്ടെന്ന് ഒരു യുദ്ധം പോലുമില്ലാതെയാണു നഗരം വീണുപോയത്. ചരിത്രകാരനായ ഹെറോഡോട്ടസ് രേഖപ്പെടുത്തിയവിധം, പേർഷ്യക്കാർ യൂഫ്രാത്തേസ് നദിയെ വഴിതിരിച്ചുവിട്ടു നദീതടത്തിലെ നഗരത്തിലേക്കു സൈന്യത്തെ നയിച്ചു. ആ രാത്രിയിൽത്തന്നെ ബേൽശസ്സർ കൊല്ലപ്പെട്ടു. അവന്റെ അപ്പൻ നബോനിഡസ് രാജാവ് മുൻകൂട്ടി തന്നെ നഗരം വിട്ടിരുന്നു; പിന്നീട് പുതിയ ഭരണകർത്താക്കൾക്കു സ്വയം കീഴടങ്ങുകയും ചെയ്തു. അങ്ങനെ, ലോകം അറിഞ്ഞ ഏറ്റവും വലിയ സാമ്രാജ്യം ഈ ഘട്ടത്തിൽ അവസാനിച്ചുപോയി. ബാബിലോൺ, സ്വർണ്ണംകൊണ്ടുള്ള തല ഇനിയും ഇല്ല.

“ദൈവത്തെ അറിയുവാനും ദൈവയിഷ്ടം ചെയ്യുവാനും ബേൽശസ്സറിനു പല അവസരങ്ങൾ നൽകപ്പെട്ടിരുന്നു. തന്റെ പിതാമഹൻ നെബൂഖദ്നേസ്സർ, മനുഷ്യസമൂഹത്തിൽനിന്നു മാറ്റപ്പെട്ടതു ബേൽശസ്സർ കണ്ടറിഞ്ഞിരുന്നു. അഹങ്കാരിയായ സാമ്രാജ്യാധിപൻ സ്വയം പ്രശംസിച്ച ബുദ്ധിശക്തി അവനിൽനിന്നു നീക്കപ്പെട്ടതും കണ്ടിരുന്നു. രാജാവു തന്റെ രാജ്യത്തിൽനിന്നു കാട്ടിലെ മൃഗങ്ങളോടുകൂടെ വസിക്കേണ്ടതിന് ഓടിക്കപ്പെട്ടതും ബേൽശസ്സർ കണ്ടിരുന്നു. വിനോദങ്ങളോടുള്ള സ്നേഹവും സ്വയം മഹത്വീകരണവും ഒരിക്കലും മറക്കരുതായിരുന്ന പാഠങ്ങളുടെ മുഖം മറച്ചു. നെബൂഖദ്നേസ്സറുടെ മേൽ സൂചക ന്യായവിധി വരുത്തിവച്ച അതേ പാപങ്ങൾ ബേൽശസ്സറും ചെയ്തു. കൃപയാൽ അവനു നൽകപ്പെട്ട അവസരങ്ങളെ അവൻ പാഴാക്കി. സത്യവുമായി പരിചയപ്പെടുന്നതിന് എത്തിപ്പിടിക്കുവാൻ കഴിയാമായിരുന്ന അവസരങ്ങളെ അവൻ അവഗണിച്ചു.” Ellen G. White, Bible Echo, April 25, 1898

**“സത്യം പരിചയപ്പെടുന്നതിനു” നമുക്കുള്ള അവസരങ്ങൾ എന്താണ്? അതിന്റെ അർത്ഥം എന്ത്? നാം അറിയേണ്ട എല്ലാ സത്യങ്ങളും അറിയുന്നു എന്ന് എപ്പോഴാണു പറയാൻ കഴിയുന്നത്?**

## കൂടുതൽ പഠനം:

പുരാതന ലോകത്തിന്റെ അകത്തളങ്ങളിൽ വിരുന്നു സൽക്കാരങ്ങൾ പതിവായിരുന്നു. രാജാക്കന്മാർ തങ്ങളുടെ മഹത്വവും ആത്മവിശ്വാസവും കാണിക്കേണ്ടതിനു ധാരാളിത്തവും ആഡംബരവും നിറഞ്ഞ സൽക്കാരങ്ങൾ നടത്താൻ ഇഷ്ടപ്പെട്ടിരുന്നു. നമ്മൾ ചിന്തിച്ചുവരുന്ന ഈ പ്രത്യേക വിരുന്നിന്റെ എല്ലാ വിശദാംശങ്ങളും നമുക്ക് അറിയില്ലെങ്കിലും, മീദോ–പേർഷ്യൻ സൈന്യം ബാബിലോണിനെ ആക്രമിക്കുവാൻ ഒരുങ്ങി നിൽക്കുമ്പോഴാണ് അത് നടന്നതെന്നു നമുക്കറിയാം. പക്ഷേ മാനുഷികമായി പറഞ്ഞാൽ ഉത്കണ്ഠയ്ക്കു കാരണം ഇല്ലായിരുന്നു. ബാബിലോണിന് ഉറപ്പുള്ള കോട്ടമതിലുകൾ ഉണ്ടായിരുന്നു, ഏറെ വർഷങ്ങൾക്കു വേണ്ട ഭക്ഷ്യശേഖരം ഉണ്ടായിരുന്നു. യൂഫ്രാത്തേസ് നദി നഗരഹൃദയത്തിലൂടെ ഒഴുകിയിരുന്നതിനാൽ ധാരാളം വെള്ളവും ഉണ്ടായിരുന്നു. അതുകൊണ്ടു ശത്രുക്കൾ നഗരം വളഞ്ഞപ്പോൾ ഒരു സൽക്കാരം നടത്തുന്നതിൽ ബേൽശസ്സർ രാജാവു പ്രശ്നമൊന്നും കണ്ടില്ല. അവൻ ഗംഭീരമായ ഒരു സൽക്കാരത്തിന് ഉത്തരവിട്ടു അതൊരു മദ്യാഘോഷമായി ഒടുവിൽ മാറി. മനുഷ്യന്റെ ധിക്കാരത്തിന് എത്ര ശക്തമായ ഒരു ഉദാഹരണം ആണിത്; ദൈവത്തിന്റെ അധികാരത്തോടു താരതമ്യം ചെയ്യുമ്പോൾ പ്രത്യേകിച്ചും: ദൈവം ദാനിയേലിലൂടെ, ബേൽശസ്സർ രാജാവിനോട് അരുളിച്ചെയ്തത് എന്തെന്നാൽ, സത്യം ഗ്രഹിക്കുവാൻ അവനു ധാരാളം അവസരങ്ങൾ ഉണ്ടായിരുന്നിട്ടും, “നിന്റെ ശ്വാസവും എല്ലാ വഴികളും കൈവശമുള്ളവനായ ദൈവത്തെ മഹത്വീകരിച്ചതുമില്ല” (ദാനി. 5:23).

“ദേശങ്ങളുടെ ചരിത്രം, ഇന്നു നമ്മോടു സംസാരിക്കുന്നു. ദൈവം തന്റെ വലിയ പരിപാടിയിൽ ഓരോ ദേശത്തിനും ഓരോ വ്യക്തിക്കും ഓരോ സ്ഥാനം നിയമിച്ചിരിക്കുന്നു. യാതൊരു പിശകും ഒരിക്കലും പ്രവർത്തിക്കാത്ത ഒരുവന്റെ കൈയിലെ ആഴം അളക്കുന്ന ഈയക്കട്ടകൊണ്ടു ഇന്നു ദേശങ്ങളും വ്യക്തികളും അളക്കപ്പെട്ടുകൊണ്ടിരിക്കുന്നു. എല്ലാവരും അവരവരുടെ തീരുമാനങ്ങൾകൊണ്ട് അവരവരുടെ ലക്ഷ്യസ്ഥാനം നിശ്ചയിക്കുന്നു; ദൈവമാകട്ടെ തന്റെ ഉദ്ദേശ്യനിവൃത്തിക്കായി സകലത്തെയും മേൽ വിചാരണ ചെയ്യുന്നു.” (Ellan G. White, Prophets and Kings p. 536)

**ചർച്ചയ്ക്കായുള്ള ചോദ്യങ്ങൾ:**

1. **സമൂഹവും സംസ്കാരവും ദൈവിക സത്യങ്ങളെ ദുഷിപ്പിക്കുന്നത് ഏതെല്ലാം വിധങ്ങളിലാണ്? സഭ അവയോട് എങ്ങനെ പ്രതികരിക്കണം?**
2. **നമ്മുടെ അറിവല്ല, അറിവിനോട് എങ്ങനെ പ്രതികരിക്കുന്നു എന്നതിൽ അധികരിച്ചുള്ളതാണു രക്ഷ എന്ന് ഈ കഥ എങ്ങനെ വ്യക്തമാക്കുന്നു? (ദാനി. 5:22).**
3. **ദാനിയേൽ 5:23 വായിക്കുക. എന്തെല്ലാം സുപ്രധാന ആത്മിക സത്യങ്ങൾ ഇവിടെ കാണപ്പെടുന്നു? ദൈവ നിന്ദയ്ക്കെതിരേ വാക്യം എന്തു മുന്നറിയിപ്പ് നൽകുന്നു? ദൈവം സ്രഷ്ടാവു മാത്രമല്ല, നിലനിർത്തുന്നതും ദൈവം ആണെന്ന് അത് എങ്ങനെ വെളിപ്പെടുത്തുന്നു?**
4. **അർത്ഥം അറിയാതെപോലും ബേൽശസ്സർ പരവശനായി (ദാനി. 5:6). കുറ്റബോധത്തോടെ ജീവിക്കുന്നതിന്റെ അർത്ഥം ഇതെങ്ങനെ വ്യക്തമാക്കുന്നു?**